**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3292** **13-07-2022 - ൽ മറുപടിയ്ക്ക്**

**ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മൊകേരി പഞ്ചായത്തിൽ ടാങ്ക് സ്ഥാപിക്കുന്നതിന് 15 സെന്റ് സ്ഥലം അക്വയർ ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടും റവന്യൂ വകുപ്പിൽ നിന്നും അനന്തര നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | മൊകേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് 15 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനായി മൊകേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അർത്ഥന സമർപ്പിച്ചിരുന്നു. എന്നാൽ അർത്ഥനയോടൊപ്പം ഫണ്ടിന്റെ ലഭ്യത ഉറപ്പ വരുത്തികൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതിക്കുള്ള അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റ് 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | മൊകേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് 15 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനായി മൊകേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അർത്ഥന സമർപ്പിച്ചിരുന്നു. എന്നാൽ അർത്ഥനയോടൊപ്പം ഫണ്ടിന്റെ ലഭ്യത ഉറപ്പ വരുത്തികൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതിക്കുള്ള അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റ് 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ